**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4136** **28-10-2021 - ൽ മറുപടിയ്ക്ക്**

**ധനകാര്യവകുപ്പിലെ ജീവനക്കാരുടെ ട്രാൻസ്ഫർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ വകുപ്പിൽനിന്നും സെക്രട്ടേറിയറ്റിന് പുറത്ത് മറ്റ് ഓഫീസുകളിലേക്ക് ട്രാൻസ്ഫർചെയ്ത എത്ര ഉദ്യോഗസ്ഥരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ട്രാൻസ്ഫറിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ വകുപ്പിൽനിന്നും സെക്രട്ടേറിയറ്റിന് പുറത്ത് മറ്റ് ഓഫീസുകളിലേക്ക് ട്രാൻസ്ഫർചെയ്ത ഉദ്യോഗസ്ഥരെ ആരെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ട്രാൻസ്ഫറിൽനിന്നും ഒഴിവാക്കിയിട്ടില്ല. |
| (ബി) | ഇതിൽ എത്ര ഉദ്യോഗസ്ഥരുടെ അപേക്ഷകൾ മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്; വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | പിരിവ് 'എ'-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) | ഇനി എത്ര അപേക്ഷകൾ പെന്റിങ് ആയി പരിഗണിയിലുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥർ ഹാജരാക്കിയ മെഡിക്കൽ റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) | ഉത്തരവായ സ്ഥലംമാറ്റങ്ങൾ റദ്ദ് ചെയ്യുന്നതിനായി അപേക്ഷകളൊന്നും പെന്റിങ് ആയി പരിഗണനയിലില്ല. |
| (ഡി) | മേൽ ചോദ്യങ്ങളുമായി ബന്ധപ്പെട്ട ഫയലുകളുടെ പ്രസക്തഭാഗത്തിന്റെ പകർപ്പുകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ഉത്തരവായ സ്ഥലംമാറ്റങ്ങൾ റദ്ദ് ചെയ്യുന്നതിനായി അപേക്ഷകളൊന്നും പെന്റിങ് ആയി പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ